**File No.DT/4468/2019-C1**

"ഭരണഭാഷ-മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

<u>വളരെ അത്യാവശ്യം</u>

തൊഴിൽ ഭവൻ, തിരുവനന്തപുരം
നമ്പർ: തീയതി: 29/07/2019

പ്രേഷിതൻ

ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ സർക്കാർ/സ്വകാര്യ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
(വകുപ്പ് വെബ് സൈറ്റ് മുഖേന)

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് - സർക്കാർ/സ്വകാര്യ ഐ .ടി.ഐ കളിലെ പ്രവേശനം - എസ്.സി/ എസ്.റ്റി വിഭാഗങ്ങളിലുള്ള ട്രെയിനികൾക്ക് സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ ജനറൽ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 23.12.2010-ലെ സ.ഉ (സാധാ) നമ്പർ 2017/2010 തൊഴിൽ നമ്പർ ഉത്തരവ്.

*******

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു . സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ ഐ .ടി.ഐ കളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ ടി വിഭാഗത്തിലുള്ള ട്രെയിനികളെ ലഭിക്കാത്തതുമൂലം ഉണ്ടാകുന്ന ഒഴിവുകളിൽ ജനറൽ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് പ്രവേശനം നൽകുന്നതിന്, വ്യവസ്ഥകൾക്ക് വിധേയമായി സൂചനയിലെ ഉത്തരവുപ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ടി സർക്കാർ ഉത്തരവിലെ വ്യവസ്ഥകളനുസരിച്ച് അഡ്മിഷൻ പൂർത്തിയാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതി വരെയും എസ്.സി/എസ്.ടി വിഭാഗത്തിൽപെട്ട അപേക്ഷകരെ

ലഭിക്കാതിരുന്നാൽ ഈ വിവരം അറിയിച്ച്, ടി സംവരണ സീറ്റുകളിൽ ഇതര വിഭാഗത്തിലുള്ള അപേക്ഷകർക്ക് പ്രവേശനം നൽകുവാനുള്ള മുൻകൂർ അനുമതി ആവശ്യപ്പെട്ടുകൊണ്ട് സ്റ്റേറ്റ് ഡയറക്ടർക്ക് അന്നുതന്നെ അപേക്ഷ സമർപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി സർക്കാർ ഉത്തരവിൽ പറയുന്ന എല്ലാ നിബന്ധനകളും പാലിച്ച് അഡ്മിഷൻ ക്ലോസിംഗ് തീയതിയിൽ തന്നെ അപേക്ഷ സമർപ്പിച്ച് സ്റ്റേറ്റ് ഡയറക്ടറുടെ മുൻകൂർ അനുമതി വാങ്ങി അന്നുതന്നെ അഡ്മിഷൻ ക്ലോസ് ചെയ്യാൻ കഴിയാത്ത സാഹചര്യമുള്ളതായി മനസ്സിലാക്കുന്നു. ആയതിനാൽ സർക്കാർ ഉത്തരവിൽ പറയുന്ന എല്ലാ നിബന്ധനകളും പാലിച്ച്, അതായത് എസ്.സി/എസ്.ടി ഒഴിവുകൾ അറിയിച്ചുകൊണ്ട് രണ്ട് തവണ പത്രപരസ്യം നൽകുകയും, അഡ്മിഷൻ ക്ലോസ് ചെയ്യേണ്ട അവസാന ദിവസം വരെയും ടി വിഭാഗത്തിൽപ്പെട്ട അപേക്ഷകരെ ലഭിക്കാതെയുമിരുന്നാൽ ടി വിവരം അറിയിച്ചുകൊണ്ട് അന്നേ ദിവസം തന്നെ എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവുള്ള സീറ്റുകളിൽ മറ്റ് വിഭാഗങ്ങളിലുള്ള അപേക്ഷകർക്ക് പ്രവേശനം നൽകുന്നതിന് സ്റ്റേറ്റ് ഡയറക്ടറോട് അനുമതി ആവശ്യപ്പെടുന്ന കത്തും നിശ്ചിത അപേക്ഷയും (പകർപ്പ് ഉള്ളടക്കം) സർക്കാർ/സ്വകാര്യ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ബന്ധപ്പെട്ട ജില്ലാതല നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് നൽകേണ്ടതാണ്.

ജില്ലാതല നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ സർക്കാർ/സ്വകാര്യ ഐ.ടി.ഐ പ്രിൻസിപ്പാൾമാരിൽ നിന്നും ലഭിക്കുന്ന ഇത്തരം അപേക്ഷകൾ വിശദമായി പരിശോധിച്ച് സർക്കാർ ഉത്തരവിൽ പറയുന്ന എല്ലാ നിബന്ധനകളും പാലിച്ചിട്ടുണ്ടെങ്കിൽ, ജനറൽ വിഭാഗത്തിലുള്ള അപേക്ഷകർക്ക് അഡ്മിഷൻ നൽകുന്നതിന് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നടപടിക്രമത്തിന്റെ മാതൃകയിൽ താൽക്കാലികമായി അനുവാദം നൽകേണ്ടതും അതിനുശേഷം സാധൂകരണത്തിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന നിശ്ചിത പ്രൊഫോർമ (മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു). യിൽ വിവരങ്ങൾ രേഖപ്പെടുത്തി ശുപാർശ രണ്ട് ദിവസത്തിനുള്ളിൽ ഡയറക്ടറേറ്റിൽ അയച്ചുതരേണ്ടതുമാണ്. അഡ്മിഷൻ ക്ലോസിംഗ് തീയതിയ്ക്കുശേഷം അഡ്മിഷൻ നൽകാൻ പാടുള്ളതല്ല.

വിശ്വസ്തതയോടെ

- ഒപ്പ് -

ട്രെയിനിംഗ് ഡയറക്ടർ

ഉള്ളടക്കം:- 1. അനുബന്ധം- I - ഗവ./പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ജില്ലാതല മോഡൽ ഐ.ടി.ഐ പ്രിൻസിപ്പാളിന് നൽകേണ്ട അപേക്ഷയുടെ മാതൃക.

2. അനുബന്ധം- II - ജില്ലാതല നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ഗവ./പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് താൽക്കാലികമായി നൽകേണ്ട അനുമതിയുടെ മാതൃക.

3. അനുബന്ധം- III - ജില്ലാതല നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ സാധൂകരണത്തിനായി ട്രെയിനിംഗ് ഡയറക്ടറേറ്റിൽ അയയ്ക്കേണ്ട പ്രൊഫോർമയുടെ മാതൃക.

4. 23.12.2010 ലെ സർക്കാർ ഉത്തരവിന്റെ പകർപ്പ്.

**File No.DT/4468/2019-C1**

പകർപ്പ്:- 1. എല്ലാ ജില്ലാതല നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും (23.12.2010-ലെ സർക്കാർ ഉത്തരവിന്റെ പകർപ്പ് സഹിതം ) (കത്തിന്റെ പകർപ്പ് താങ്കളുടെ പരിധിയിൽ വരുന്ന എല്ലാ ഗവ./പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് അയച്ചുകൊടുക്കേണ്ടതും കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. കത്തിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. ടി വിഷയത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർ ക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണ്.)

2. എല്ലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്കും

(കത്തിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ ജില്ലാതല നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് നൽകേണ്ടതുമാണ്.)

-ഒപ്പ്-

DIRECTOR OF TRAINING

// ഉത്തരവിൻ പ്രകാരം //

ജൂനിയർ സൂപ്രണ്ട്
സി. സെക്ഷൻ.

-1-

SC/ST

(കേരള സർക്കാർ)

(സംഗ്രഹം)

വ്യാവസായിക പരിശീലന വകുപ്പ്-ഐടിഐ/ഐടിസി പ്രവേശനം - പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ ആവശ്യത്തിന് അപേക്ഷകർ ഇല്ലാതെ വരുന്ന സാഹചര്യത്തിൽ പട്ടികജാതി വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവർക്കും പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ പട്ടികജാതി വിഭാഗത്തിലുള്ളവർക്കും വ്യവസ്തകൾ പാലിച്ചുകൊണ്ട് ജനറൽ വിഭാഗത്തിലുള്ളവർക്കും പ്രവേശനം നൽകുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

*തൊഴിലും പുനരധിവാസവും (സി) വകുപ്പ്*

സ.ഉ.(സാധാ) നം. 2071/2010/തൊഴിൽ | തിരുവനന്തപുരം,തീയതി: 23.12.2010

---

സൂചന: ട്രെയിനിംഗ് ഡയറക്ടറുടെ 26.8.2009-ാം തീയതിലെ സി1/3982/09 നമ്പർ അർദ്ധ ഔദ്യോഗിക കത്തും 06.01.2010-ാം തീയതിയിലെ സി1/1/27455/09 നമ്പർ അർദ്ധ ഔദ്യോഗിക കത്തും

**<u>ഉത്തരവ്</u>**

പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രവേശനം നൽകുന്നതിനായി, സംസ്ഥാനത്തെ ഐടിഐകളിലും ഐടിസികളിലും സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ അപേക്ഷകർ ഇത്തതെ വരുമ്പോൾ, അഡ്മിഷൻ നടക്കാത്ത സംവരണ സീറ്റുകളിൽ ജനറൽ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് പ്രവേശനം നൽകുന്നതിന് അനുമതി പരാമർശ കത്തുകൾ മുഖേന ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വ്യവസായിക പരിശീലന വകുപ്പിനു കീഴിലെ ഐടിഐ/ഐടിസി പ്രവേശനത്തിൽ പട്ടികജാതി വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ ആവശ്യത്തിന് അപേക്ഷകർ ഇത്താത്ത പക്ഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും പട്ടികവർഗ്ഗ വിഭാഗത്തിൽ സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ ആവശ്യത്തിന് അപേക്ഷകർ ഇല്ലാത്ത പക്ഷം പട്ടികജാതി വിഭാഗത്തിൽ ഉള്ളവർക്കും പ്രവേശനം നൽകുന്നതിനും അതിനു ശേഷവും സംവരണം ചെയ്ത സീറ്റികളിൽ ഒഴിവ് ഉണ്ടെങ്കിൽ, ആസീറ്റുകളിൽ ചുവടെ കൊടുത്തിരിക്കുന്ന വ്യവസ്തകൾ പാലിച്ചുകൊണ്ട് ജനറൽ വിഭാഗത്തിലുള്ളവർക്ക് പ്രവേശനം നൽകുന്നതിനും ട്രെയിനിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) എസ്.സി/എസ്ടി വിഭാഗക്കാർക്കായി സംവരണം ചെയ്യപ്പെട്ട സീറ്റുകളിൽ ആദ്യഘട്ടത്തിൽ ഇതര വിഭാഗത്തിൽപ്പെട്ടവർക്ക് പ്രവേശനം നൽകുവാൻ പാടില്ല

(2) ആദ്യഘട്ട സെലക്ഷൻ ലിസ്റ്റ് തയ്യാറായാൽ ഉടൻ തന്നെ എസ് സി/എസ്ടി വിഭാഗക്കാർക്ക് സംവരണം ചെയ്തിരിക്കുന്ന സീറ്റുകൾ ഒഴിവുകളുണ്ടെങ്കിൽ ടി കാര്യം അറിയിച്ചുകൊണ്ട് പത്രപ്പരസ്യം നൽകേണ്ടതാണ്.

(3) പത്തു ദിവസത്തിനകം വേണ്ടത്ര എസ്.സി/എസ്ടി അപേക്ഷകരെ ലഭിച്ചിട്ടില്ല എങ്കിൽ സീറ്റ് ഒഴിവുകൾ അറിയിച്ചുകൊണ്ട് വീണ്ടു ഒരു പരസ്യംകൂടി നൽകേണ്ടതും ഐടിഐ/ഐടിസികളിൽ പ്രവേശനം നൽകുന്നതിന് അനുവദിക്കുന്ന അവസാന തീയതിവരെ പ്രതീക്ഷിക്കേണ്ടതുമാണ്.

(4) അഡ്മിഷൻ നിർണ്ണയിച്ചിരിക്കുന്ന അവസാന തീയതിവരെയും എസ്‌സി /എസ്ടി വിഭാഗത്തിൽപ്പെട്ട അപേക്ഷകരെ ലഭിക്കാതിരുന്നാൽ ടി വിവരം അറിയിച്ചുകൊണ്ടും ടി സംവരണ സീറ്റുകളിൽ ഇതര വിഭാഗത്തിൽ ഉള്ള അപേക്ഷകർക്ക് പ്രവേശനം നൽകുവാനുള്ള മുൻകൂർ അനുമതി ആവശ്യപ്പെട്ടുകൊണ്ട് സ്റ്റേറ്റ് ഡയറക്ടർക്ക് അന്നു തന്നെ നിർദ്ദേശം സമർപ്പിക്കേണ്ടതാണ്. ടി നിർദ്ദേശത്തോടൊപ്പം താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കണം:

(1) രണ്ടു തവണ പത്രത്തിൽ പരസ്യം നൽകിയതിന്റെ അസ്സലുകൾ
(2) എസ്‌സി/എസ്ടിവിഭാഗത്തിൽപ്പെട്ട അപേക്ഷകൾ ലഭിച്ചിട്ടില്ല എന്നുള്ള പ്രിൻസിപ്പലിന്റെ സർട്ടിഫിക്കറ്റ്

(5) സ്റ്റേറ്റ് ഡയറക്ടറുടെ മുൻകൂർ അനുമതി ലഭിച്ച ശേഷമേ എസ്.സി/ എസ്.ടി വിഭാഗക്കാരുടെ സംവരണ സീറ്റുകളിൽ മറ്റു വിഭാഗത്തിലുള്ള അപേക്ഷകർക്ക് പ്രവേശനം നൽകാവൂ.

(6) ടി സീറ്റുകളിൽ മുൻകൂർ പ്രവേശനം നൽകിയ ശേഷം സാധൂകരണം ആവശ്യപ്പെടുന്നത് ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കി ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

*(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)*

**ബി. പ്രകാശ്**

തൊഴിൽ വകുപ്പ് സെക്രട്ടറി (ഇൻ-ചാർജ്)

- ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം
- പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
- അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഡിബിസെൽ) കേരള, തിരുവനന്തപുരം
- പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ് (22793/എ1/09/പജപവവിവ)
- വിവര പൊതുജന സമ്പർക്ക വകുപ്പ്
- കരുതൽ ഫയൽ/ഓഫീസ് കോപ്പി

//ഉത്തരവിൻ പ്രകാരം//
ഒപ്പ്
സെക്ഷൻ ഓഫീസർ

**പുറത്തെഴുത്ത് നമ്പർ: C1/35717/10 തീയതി: 06.01.2011**

സർക്കാർ ഉത്തരവിന്റെ പകർപ്പ് തുടർ നടപടികൾക്കായി അയയ്ക്കുന്നു. നോഡൽ ഐടിഐ പ്രിൻസിപ്പൽമാർ അവരുടെ പരിധിയിൽ വരുന്ന ഐടിസി പ്രിൻസിപ്പൽമാർക്ക് അയച്ചു കൊടുക്കേണ്ടതും കൈപ്പറ്റിയതിന്റെ റിപ്പോർട്ട് അയച്ചു തരേണ്ടതുമാണ്.

വിശ്വസ്തതയോടെ

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്: എല്ലാ ഐടിഐപ്രിൻസിപ്പാൾ/ഐടിമാർക്കും

Annexure-I

## Application for filling up the vacant seats reserved for SC/ST.

(to be submitted to the principals of Nodal ITI s)

1. Name & Address of Govt./Pvt.ITI:-------------------------------------
2. Name of Principal:-------------------------------------------------------
3. MIS Unique ID of Govt./Pvt.ITI:----------------------------------------
4. Telephone No.& E-mail id of Govt./Pvt.ITI:---------------------------
5. Name of Nodal ITI:----------------------------------------------------------
6. Details regarding the vacant SC/ST seats

| Sl.No. | Name of Trade | No.of Units | No.of vacant SC/ST seats | Name,Date & Page no.of newspapers where the advertisement was publised | |
|---|---|---|---|---|---|
| | | | | Details of first advertisement. | Details of second advertisement. |
| | | | | | |
| | | | | | |

Certified that no applications have been received from SC/ST applicants for the above mentioned trades till 31.07.2016.

Enclosure: Original newspapers in full page

Name & Signature of
Govt./Pvt.ITI Pricipal with Date.

**Annexure II**

## ഐ.ടി.ഐ പ്രിൻസിപ്പാളിന്റെ നടപടിക്രമം

(നിലവിൽ: ______________ )

വിഷയം:- ഗവ.ഐ.ടി.ഐ ______________________________ സർക്കാർ/സ്വകാര്യ ഐ.ടി.ഐകളിലെ പ്രവേശനം-എസ്.സി/എസ്.ടി വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ ആവശ്യത്തിന് അപേക്ഷകരില്ലാത്ത പക്ഷം ജനറൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിന് താൽക്കാലിക അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം:- (1) 23/12/2010ലെ സ.ഉ(സാധാ)നം.2071/2010/തൊഴിൽ നമ്പർ ഉത്തരവ്.

(2) ട്രെയിനിംഗ് ഡയറക്ടറുടെ ____/07/16 ലെ സി1/16846/2016 നമ്പർ കത്ത്.

(3) ___________ ഗവ/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാളിന്റെ നമ്പർ കത്ത്.

**ഉത്തരവ് നമ്പർ: ______________ തീയതി ______**

സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ ഐ.ടി.ഐകളിലെ വിവിധ ട്രേഡുകളിലെ യൂണിറ്റുകളിൽ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ ആവശ്യത്തിന് അപേക്ഷകരില്ലാത്ത പക്ഷം ജനറൽ വിഭാഗത്തിലെ കുട്ടികളെ പ്രവേശിപ്പിക്കുന്നതിന് പരാമർശം(1)ലെ സർക്കാർ ഉത്തരവിൽ പരാമർശിച്ച എല്ലാ നിബന്ധനകളും പാലിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് താൽക്കാലിക അനുമതി നൽകണമെന്ന് പരമാർശം(2) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം(3) പ്രകാരം ലഭിച്ചിട്ടുള്ള ശുപാർശ വിശദമായി പരിശോധിച്ചതിൽ നിന്നും പരാമർശം(1) ഉത്തരവിൽ പരാമർശിച്ചിട്ടുള്ള എല്ലാ നിബന്ധനകളും പാലിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ___________ഐ.ടി.ഐയിലെ ഒഴിവുള്ള എസ്.സി/എസ്.ടി സംവരണ സീറ്റുകളിലേയ്ക്ക് പരാമർശം(1) ലെ എല്ലാ നിബന്ധനകൾക്കും വിധേയമായി ജനറൽ വിഭാഗത്തിൽപ്പെട്ട ______എണ്ണം കുട്ടികളെ താഴെപ്പറയുന്ന ട്രേഡുകളിൽ പ്രവേശിപ്പിക്കുന്നതിന് ട്രെയിനിംഗ് ഡയറക്ടറുടെ സാധൂകരണത്തിന് വിധേയമായി താൽക്കാലികമായി അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | ട്രേഡിന്റെ പേര് | യൂണിറ്റുകളുടെ എണ്ണം | കുട്ടികളുടെ എണ്ണം |
|---|---|---|---|
| | | | |
| | | | |
| | | | |

പ്രിൻസിപ്പാൾ

സ്വീകർത്താവ്

1. പ്രിൻസിപ്പാൾ, ____________ ഐ.ടി.ഐ____________
2. ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)

Annexure-III

# PROFORMA

( To be submitted by the Pricipals of District Nodal ITIs to the Director of Training for getting ratification for sanction given for admitting general applicants to vacant SC/ST reserved seats.)

1. Name & Address of District Nodal ITI:---------------------------------------

2. Name of the Principal:------------------------------------------------------------

3. Telephone No.& E-mail id of Nodal ITI:---------------------------------------

| Sl.No. | Name of Govt./Pvt. ITI | Name of Trade | No.of Units | Name,Date & Page no. of newspapers where the advertisement was published | | No.of seats sanctioned | Order no.&Date of sanction |
|---|---|---|---|---|---|---|---|
| | | | | Details of first Advertisement. | Details of second Advertisement. | | |
| | | | | | | | |
| | | | | | | | |

I-----------------------,Principal of ITI-----------------------,hereby declare that I have thoroughly verified all the documents received from the principals before giving sanction to fill the seats reserved for SC/ST by the general applicants.

Enclosure: Original newspapers in full page

Name& Signature of Nodal ITI Principal